➪ സ്പീക്കർ പത്രസമ്മേളനത്തിൽ നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനമെന്തായിരുന്നു ➪

# പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലും കോള ബഹിഷ്കരണവും

പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമസഭയിൽ വീണ്ടും അവതരിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്ന സർക്കാർ, നിലവിലുള്ള ഒരു നിയമപ്രകാരം കൊക്കക്കോള കമ്പനിക്കെതിരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസിൽ അന്വേഷണം ഇഴഞ്ഞുനീങ്ങുന്ന വിവരം അറിയുന്നുണ്ടോ?

**നീതുദാസ്**

**14–ാം** കേരള നിയമസഭയുടെ നാലാം സമ്മേളനത്തിന് മുന്നോടിയായി 2017 ഫെബ്രുവരി 23ന് നടത്തിയ പത്രസമ്മേളനത്തിൽ കേന്ദ്രസർക്കാർ തിരിച്ചയച്ച പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ ന്യൂനതകൾ പരിഹരിച്ച് വീണ്ടും അവതരിപ്പിക്കുമെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അറിയിക്കുകയുണ്ടായി. കേരളത്തിന്റെ പൊതുവികാരം ഉൾക്കൊണ്ട് നിയമസഭ പാസാക്കിയ ബില്ലാണ് കേന്ദ്രം തിരിച്ചയതെന്നും ആവശ്യമായ മാറ്റങ്ങൾ ബിൽ വീണ്ടും നിയമസഭയുടെ പരിഗണനക്ക് കൊണ്ടുവരുമെന്നും ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ചർച്ച നടത്തിക്കഴിഞ്ഞതായും സ്പീക്കർ അന്ന് പറഞ്ഞു. നിയമസഭ സമ്മേളനത്തിന് മുന്നോടിയായി മാദ്ധ്യമങ്ങളെ കാണുമ്പോഴാണ് സ്പീക്കർ ഇക്കാര്യം വിശദീകരിച്ചത്. എന്നാൽ ബില്ല് സഭയിൽ പുനഃരവതരിപ്പിക്കാൻ ചുമതലപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി ഈ നിയമസഭാ സമ്മേളനത്തിൽ നൽകിയ വിശദീകരണം സ്പീക്കർ പറഞ്ഞതിന് കടകവിരുദ്ധമായിരുന്നു. പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മാർച്ച് 16ന് നിയമസഭയിൽ നൽകിയ മറുപടിയിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു. ടി തോമസ് പറഞ്ഞത് ഇപ്രകാരമായിരുന്നു. “ബില്ലിലെ വിഷയം 2010ലെ ദേശീയ ഹരിത ട്രിബ്യൂണൽ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ അത് പുനരവതരിപ്പിക്കാൻ സംസ്ഥാന നിയമസഭക്ക് കഴിയില്ലെന്ന് വകുപ്പിന് നിയമോപദേശം ലഭിച്ചു. നഷ്ടപരിഹാരം കമ്പനിയിൽ നിന്ന് നിയമപരമായി നേടിയെടുക്കാൻ മറ്റ് മാർഗ്ഗങ്ങളുണ്ടോയെന്ന് പരിശോധിച്ച് വരികയാണ്.” പ്ലാച്ചിമടയിലുള്ളവർക്കായി പുതിയ നിയമം കൊണ്ടുവരുന്ന കാര്യം പരിശോധനയിലാണെന്നാണ് നിയമമന്ത്രി എ.കെ. ബാലൻ ഏതാനും മാസം മുമ്പ് പാലക്കാട് ഒരു പൊതുചടങ്ങിൽ പറഞ്ഞത്. ബന്ധപ്പെട്ട വകുപ്പുകൾ ഇത്തരത്തിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ പ്ലാച്ചിമട ട്രിബ്യൂണൽ ബില്ല് സംബന്ധിച്ച് സ്പീക്കർ പത്രസമ്മേളനത്തിൽ നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനമെന്തായിരുന്നു എന്ന് വ്യക്തമല്ല.

പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമമാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്ന സർക്കാർ, നിലവിലുള്ള ഒരു നിയമപ്രകാരം കൊക്കക്കോള കമ്പനിക്കെതിരെ രജിസ്റ്റർ ചെയ്ത ഒരു ക്രിമിനൽ കേസിൽ അന്വേഷണം ഇഴഞ്ഞുനീങ്ങുന്ന വിവരം അറിഞ്ഞതാ

*➪ എന്നിട്ടും സർക്കാറിന്റെയോ പോലീസിന്റെയോ നിലപാടുകളിൽ മാത്രം മാറ്റം വന്നില്ല ➪*



ഫോട്ടോ: മധുരാജ്

യിപ്പോലും ഭാവിക്കുന്നില്ല. 2016 ജൂൺ 9ന് മീനാക്ഷിപുരം പൊലീസ് സ്റ്റേഷനിൽ എസ്.സി/എസ്.ടി അട്രോസിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ കൊക്കക്കോള കമ്പനിയുടെ പ്ലാച്ചിമട പ്ലാന്റ് തലവൻ, കൊച്ചി ആസ്ഥാനമായുള്ള കേരള റീജ്യണൽ തലവൻ, ഡൽഹി നോയ്ഡ ആസ്ഥാനമായുള്ള അഖിലേന്ത്യാ തലവൻ എന്നിവരെയാണ് പ്രതി ചേർത്തിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ 4-ാം വകുപ്പിലെ (i)(1)(x) ഉപവകുപ്പ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗങ്ങൾ ഉപയോഗിക്കുന്ന ജലസ്രോതസ്സുകൾ മലിനമാക്കിയതിനാണ് ഇവർക്കെതിരെ കേസെടുത്തിരിക്കുന്നത്. ആറ് മാസത്തിൽ കുറയാതെ അഞ്ച് വർഷം വരെ തടവും പിഴയുമാണ് ഇതിനുള്ള ശിക്ഷ. കമ്പനിക്ക് കേരളത്തിലുള്ള വസ്തുവകകൾ കോടതി മുഖേന അറ്റാച്ച് ചെയ്ത് സർക്കാറിലേക്ക് കണ്ടുകെട്ടുവാനുള്ള വകുപ്പും പ്രസ്തുത നിയമത്തിലുണ്ട്.

2000 മുതൽ 2004 വരെ പ്ലാച്ചിമടയിൽ പ്രവർത്തിച്ചിരുന്ന കൊക്കക്കോള കമ്പനി കാരണം തങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാവുകയും ഉപയോഗയോഗ്യമല്ലാതാവുകയും ചെയ്തെന്ന് കാണിച്ച് 2015 ഏപ്രിലിലാണ് പ്ലാച്ചിമടയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട തങ്കവേലുവും മറ്റുള്ളവരും പോലീസിൽ പരാതി നൽകിയത്. അന്വേഷണത്തിന്റെ തുടക്കത്തിൽ തന്നെ കമ്പനിയുടെ പ്ലാച്ചിമടയിലെയും കൊച്ചിയിലുമുള്ള വസ്തുവകകൾ കോടതി മുഖേന സർക്കാറിലേക്ക് കണ്ടുകെട്ടുവാനുള്ള നടപടി സ്വീകരിക്കാനും പരാതിയിൽ ആവശ്യപ്പെട്ടിരുന്നു. പരാതിയിൽ തുടർനടപടികൾ ഉണ്ടാകാഞ്ഞതിനെത്തുടർന്ന് 2015 ആഗസ്ത് 9ന് പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമര സമിതി പാലക്കാട് എസ്.പി. ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. തുടർന്ന് പോലീസിന്റെ നിഷ്ക്രിയത്വം സംബന്ധിച്ച പരാതി ദേശീയ പട്ടികവർഗ്ഗ കമ്മീഷനിലേക്ക് അയക്കുകയും ചെയ്തു. കമ്മീഷനിൽ നിന്ന് കർശന നിർദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് 2016 ജൂൺ 9ന് മീനാക്ഷിപുരം പൊലീസ് കേസ് രജിസ്റ്റർ ചെയ്തത്. എന്നാൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് 9 മാസം കഴിഞ്ഞിട്ടും പൊലീസിന്റെ ഭാഗത്ത് നിന്ന് കേസിനെ മുന്നോട്ട് നയിക്കുന്ന നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. ഇതിനിടയിൽ സമരസമിതി എസ്.പി. ഓഫീസിലേക്ക് പലതവണ പ്രതിഷേധ മാർച്ചുകൾ നടത്തി, മുഖ്യമന്ത്രിക്കും ദേശീയ-സംസ്ഥാന പട്ടികവർഗ്ഗ കമ്മീഷനും പരാതികൾ നൽകി. എന്നിട്ടും സർക്കാറിന്റെയോ പോലീസിന്റെയോ നിലപാടുകളിൽ മാത്രം മാറ്റം വന്നില്ല.

എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രതികളെ ചോദ്യം ചെയ്യുകയോ അറസ്റ്റ് രേഖപ്പെടുത്തുകയോ ഉണ്ടായിട്ടുണ്ടോയെന്ന് വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ, അന്വേഷണത്തെ ബാധിക്കുന്ന കാര്യമായതിനാൽ മറുപടി നൽകാൻ കഴിയില്ലെന്നായിരുന്നു പാലക്കാട് ജില്ലാ പോലീസ് ആസ്ഥാനത്തിൽ നിന്നും ലഭിച്ച മറുപടി. തുടർന്ന് നൽകിയ അപ്പീൽ പരിഗണിച്ചുകൊണ്ട് സംസ്ഥാന വിവരാവകാശ കമ്മീഷണർ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് അന്വേഷണത്തിന്റെ ഭാഗമായി പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലെന്ന സത്യാവസ്ഥ വെളിപ്പെടുത്താൻ പോലീസ് തയ്യാറാകുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം പരാതി ലഭിച്ചാലുടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടുന്നതും 60 ദിവസങ്ങൾക്കുള്ളിൽ ചാർജ് ഷീറ്റ് സ്പെഷൽ കോടതിയിൽ സമർപ്പിക്കേണ്ടുന്നതുമാണ്. കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ആറ് മാസം മുതൽ ഒരു വർഷം വരെ തടവിന് അർഹരാണെന്നും നിയമം പറയുന്നു. നിയമത്തിന്റെ ക

ണ്ണിൽ ജലസ്രോതസ്സ് ഉപയോഗശൂന്യമാക്കിയ കൊക്കക്കോള കമ്പനി മാത്രമല്ല, കേസുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥരും സർക്കാർ സംവിധാനങ്ങളും കുറ്റക്കാരാണ്. ഇത്തരമൊരു സാഹചര്യത്തിൽ, കേസിൽ തുടർനടപടികൾ സ്വീകരിക്കാത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും, പിന്നോക്ക വിഭാഗങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള ഒരു നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. അത് ചെയ്യാതിരിക്കുന്ന ഭരണനേതൃത്വം പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും എന്ന് പറയുന്നതിൽ എന്ത് ആത്മാർത്ഥതയാണുള്ളത്.

ഇത്തരമൊരു സാഹചര്യത്തിൽ, കേസിൽ തുടർനടപടികൾ സ്വീകരിക്കാത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും, പിന്നോക്ക വിഭാഗങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള ഒരു നിയമത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. അത് ചെയ്യാതിരിക്കുന്ന ഭരണനേതൃത്വം പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിയമമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും എന്ന് പറയുന്നതിൽ എന്ത് ആത്മാർത്ഥതയാണുള്ളത്.

**കോള ബഹിഷ്കരണം**

തമിഴ്നാട്ടിലെ വ്യാപാരി സംഘടനകൾ കൊക്കക്കോള, പെപ്സി കമ്പനികളുടെ ശീതള പാനീയങ്ങൾ ബഹിഷ്കരിക്കാൻ തീരുമാനിച്ചത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഇടപെടലായി മാറിയിരിക്കുകയാണ്. ബഹിഷ്കരണം തുടങ്ങിയതോടെ ഉത്പന്നങ്ങളുടെ വാർഷികവിറ്റുവരവിൽ 1400 കോടി രൂപയുടെ നഷ്ടം കമ്പനികൾക്ക് ഉണ്ടാക്കുമെന്ന് പത്രറിപ്പോർട്ടുകൾ പറയുന്നു. ഈ വർഷമാദ്യം ചെന്നൈയിൽ നടന്ന ജെല്ലിക്കെട്ട് പ്രക്ഷോഭത്തിൽ പങ്കെടുത്തവർ കൊക്കക്കോള പെപ്സി ഉത്പന്നങ്ങൾ ബഹിഷ്കരിക്കുമെന്ന് തീരുമാനമെടുക്കുകയും, സംസ്ഥാനം അതിരൂക്ഷമായ വേനലിലൂടെയും ജലക്ഷാമത്തിലൂടെയും കടന്നുപോവുകയും ചെയ്ത സാഹചര്യത്തിലാണ് തമിഴ്നാട് വണിഗർ സംഘവും തമിഴ്നാട് ട്രേഡേഴ്സ് ഫെഡറേഷനും ബഹിഷ്കരണത്തിന് ആഹ്വാനം ചെയ്തത്. വരൾച്ചയും കൃഷിനഷ്ടവും കാരണം കർഷകർ ആത്മഹത്യ ചെയ്യുമ്പോഴും കമ്പനികളുടെ പ്ലാന്റുകൾ ഭൂഗർഭജലം ചൂഷണം ചെയ്ത് കർഷകരെ കൂടുതൽ ബുദ്ധിമുട്ടിലാക്കുകയാണെന്ന് തമിഴ്നാട് ട്രേഡേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് ടി. വെള്ളയ്യൻ പറയുന്നു. താലൂക്ക് അടിസ്ഥാനത്തിലും ചെറിയ പ്രദേശങ്ങളിലുമായി പ്രവർത്തിച്ചുവന്നിരുന്നതും എന്നാൽ ബഹുരാഷ്ട്രകമ്പനികളുടെ വരവോടെ വിപണിയിൽ നിന്ന് പുറത്തായതുമായ പ്രദേശിക ശീതളപാനീയ കമ്പനികളെ തിരിച്ചുകൊണ്ടുവരാനും, അവയുടെ പാനീയങ്ങളെയും മറ്റ് നാടൻ പാനീയങ്ങളെയും പ്രോത്സാഹിപ്പിക്കാനുമാണ് സംഘടനയുടെ തീരുമാനം.

**കേരളത്തിൽ ഒന്നും നടന്നില്ല**

തമിഴ്നാട്ടിലെ വ്യാപാരി സംഘടനകളുടെ ചുവടുപിടിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതി കേരളത്തിൽ കോള ഉത്പന്നങ്ങൾ ബഹിഷ്കരിക്കുമെന്ന് തീരുമാനിച്ചെങ്കിലും വ്യാപാരികൾക്കിടയിലുള്ള എതിർപ്പിനെത്തുടർന്ന് പാളിപ്പോവുകയാണ് ഉണ്ടായത്. ഓരോ നഗരങ്ങളെയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വിതരണക്കാരെയും ബന്ധപ്പെട്ട തൊഴിലാളികളെയും അവരുടെ കുടുംബങ്ങളെയും ബാധിക്കുമെന്നതിനാൽ ബഹിഷ്കരണത്തോട് യോജിക്കാൻ കഴിയില്ലെന്ന് ഭൂരിഭാഗം ജില്ലാ നേതൃത്വങ്ങളും അറിയിക്കുകയായിരുന്നു. "കോള കമ്പനികൾ കേരളത്തിൽ ജലചൂഷണം നടത്തുന്നുവെന്ന് പറയുന്നത് ഒരു പരിധി വരെ തെറ്റാണ്. കേരളത്തിൽ വിൽക്കുന്ന ശീതളപാനീയങ്ങളുടെ 90 ശതമാനവും വരുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. ഇത് ഉപയോഗിക്കാതിരുന്നത് കൊണ്ട് ജലചൂഷണം ഇല്ലാതാകില്ല. ദാഹത്തിന് വെള്ളം കുടിക്കുന്നതും കോള കുടിക്കുന്നതും ഒരുപോലെതന്നെയല്ലേ?" സമിതിയുടെ തൃശൂർ ജില്ലാ സെക്രട്ടറി അബ്ദുൾ ഹമീദിന്റെ അഭിപ്രായം ഇതാണ്. വേനൽ സീസണിൽ ശീതളപാനീയങ്ങൾക്ക് ആവശ്യക്കാരേറെയാണെന്നതിനാൽ ബഹിഷ്കരണ നടപടി പ്രായോഗികമല്ലെന്നും ജില്ലാ നേതൃത്വങ്ങൾ വാദിക്കുന്നു. കേരളത്തിലെ ബഹിഷ്കരണ തീരുമാനം നിർഭാഗ്യകരമാണെന്നും ജലസംരക്ഷണത്തിൽ ഊന്നിയുള്ള കമ്പനിയുടെ പ്രവർത്തനരീതിയും കേരളത്തോടുള്ള പ്രതിബദ്ധത

*➪ കോർപ്പറേറ്റുകൾ ഈ തീരുമാനത്തെ മറികടക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു എന്ന് വ്യക്തം ➪*




യും വ്യക്തമാക്കി വ്യാപാരി സംഘടനകളുമായി ചർച്ച നടത്തിയതായും പെപ്സി കമ്പനി സി.ഇ.ഒ ശിവ് ശിവകുമാർ മാധ്യമങ്ങളെ അറിയിച്ചു. ഒടുവിൽ മുഖ്യമന്ത്രിയുമായുള്ള ചർച്ചക്ക് ശേഷം, സർക്കാർ നിരോധിക്കുകയാണെങ്കിൽ സഹകരിക്കാം എന്ന നിലപാടിലേക്ക് വ്യാപാരി വ്യവസായി ഏകോപന സമിതിക്ക് പിൻവാങ്ങേണ്ടിയും വന്നു.

**പെപ്സി കമ്പനി അടച്ചിടുന്നു**

അതേസമയം, വരൾച്ച രൂക്ഷമായതോടെ കഞ്ചിക്കോട്ട് വ്യവസായ മേഖലയിൽ വെള്ളമുപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ഉപഭോഗത്തിൽ 75 ശതമാനം കുറവ് വരുത്താൻ ദുരന്തനിവാരണ സമിതിയും പാലക്കാട് ജില്ലാ കലക്ടറും നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുശ്ശേരിയിലെ പെപ്സി കമ്പനിയുടെ പ്ലാന്റ് താത്കാലികമായി അടച്ചുപൂട്ടി. കമ്പനിയുടെ പ്രതിദിന ജലഉപയോഗം ഒന്നര ലക്ഷം ലിറ്ററായി കുറച്ചത് ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചതാണ് പ്ലാന്റ് അടച്ചുപൂട്ടാൻ കാരണമെന്നാണ് പെപ്സി കമ്പനി സി.ഇ.ഒ ശിവ് ശിവകുമാറിന്റെ വിശദീകരണം. വെള്ളം വേണ്ടത്ര കിട്ടാത്തതിനെത്തുടർന്നാണ് പ്രവർത്തനം നിർത്തിയതെന്നാണ് തൊഴിലാളി സംഘടനകളും പറയുന്നത്. 97 സ്ഥിരം ജീവനക്കാരും 246 കരാർത്തൊഴിലാളികളുമാണ് പെപ്സി പ്ലാന്റിൽ പ്രവർത്തിക്കുന്നത്. പ്രവർത്തനം നിർത്തിവെച്ച സാഹചര്യത്തിൽ കരാർതൊഴിലാളികൾക്ക് മാസം 16 ദിവസം തൊഴിലോ തത്തുല്യമായ വേതനമോ നൽകണമെന്ന ആവശ്യം ഉന്നയിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികൾ ജില്ലാ ലേബർ ഓഫീസറുടെ സാന്നിധ്യത്തിൽ ചർച്ച നടത്തിയെങ്കിലും ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല. പ്ലാച്ചിമട സമരം തുടങ്ങിയ കാലത്തുതന്നെ കഞ്ചിക്കോടെ പെപ്സി കമ്പനിയുടെ ജലചൂഷണത്തിനെതിരെയും പ്രതിഷേധങ്ങൾ ഉയർന്നുവന്നിരുന്നു. എന്നാൽ പ്ലാച്ചിമടയിലുണ്ടായതുപോലെയുള്ള ശക്തമായ ജനകീയ മുന്നേറ്റമുണ്ടാകാത്തതിനാൽ ആ സമരങ്ങൾ ക്ഷീണിച്ചുപോകുകയായിരുന്നു. അതേസമയം പലതരത്തിലുള്ള നിയന്ത്രണങ്ങൾ, പല സമയത്തും പെപ്സിയുടെ ജലമൂറ്റലിനെതിരെ കൊണ്ടുവരുന്നതിന് ഈ സമരങ്ങൾ സമ്മർദ്ദമായിട്ടുണ്ട്. അത്തരം നിയന്ത്രണങ്ങളെല്ലാം ലംഘിച്ചുകൊണ്ട് പ്രവർത്തിച്ചിരുന്ന പെപ്സി കമ്പനിക്ക് ഇത്തവണ വരൾച്ച രൂക്ഷമായതോടെ ഗത്യന്തരമില്ലാതെ വന്നിരിക്കുകയാണ്. ഒടുവിൽ, താത്കാലിമായെങ്കിലും പ്ലാന്റ് പൂട്ടിയിടാൻ ബഹുരാഷ്ട്ര കമ്പനി നിർബന്ധിതമായി.

**കൊഴുപ്പു നികുതി**

ജങ്ക് ഫുഡുകളുടെ പൊതിയിൽ, അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും പഞ്ചസാരയുടെയും ഉപ്പിന്റെയും അളവ് രേഖപ്പെടുത്തുന്നത് നിർബന്ധമാക്കാനും ഇത്തരം ഉത്പന്നങ്ങൾക്ക് മേൽ 'ഫാറ്റ് ടാക്സ്' ചുമത്താനുമുള്ള നിയമം കേന്ദ്ര സർക്കാറിന്റെ പരിഗണനയിലാണ്. ഇതും പെപ്സി അടക്കമുള്ള ബഹുരാഷ്ട്ര കുത്തകകൾക്ക് തിരിച്ചടിയാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. പൊണ്ണത്തടിയുടെയും പ്രമേഹത്തിന്റെയും നിരക്ക് ഇന്ത്യയിൽ കൂടിവരുന്ന പശ്ചാത്തലത്തിലാണ് ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന് സർക്കാർ ഒരുങ്ങുന്നത്. ഈ തീരുമാനത്തിനെതിരെ സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി പെപ്സികോ, നെസ്‌ലേ, ഐടിസി തുടങ്ങിയ കമ്പനികൾ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയതായി പത്രങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. ഫെബ്രുവരി മാസം ഇതുസംബന്ധിച്ച് വ്യവസായികളുടെ രണ്ട് യോഗങ്ങൾ നടന്നതായി ഓൾ ഇന്ത്യാ ഫുഡ് പ്രോസസ്സേഴ്സ് അസോസിയേഷനും മാദ്ധ്യമങ്ങളിലൂടെ അറിയിച്ചു. കോർപ്പറേറ്റുകൾ ഈ തീരുമാനത്തെ മറികടക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു എന്ന് വ്യക്തം. തമിഴ്നാട്ടിലുണ്ടായ ബഹിഷ്കരണവും പെപ്സി പ്ലാന്റിന്റെ അടച്ചിടലും കൊഴുപ്പു നികുതിയും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ഇവർ എങ്ങനെ മറികടക്കുമെന്ന് ശ്രദ്ധയോടെ നിരീക്ഷിക്കേണ്ടതുണ്ട്. ■